"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ അന്യത്ര സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ഗോപകുമാർ വി.എസ് എന്നവരുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.218/2025/LSGD തീയതി,തിരുവനന്തപുരം, 21-01-2025

---

പരാമർശം:-

1. 10.05.2013 തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ (പി) നം. 580/2013/ധന
3. 09.11.2023 തീയതിയിലെ സ.ഉ (സാധാ) നം. 2222/2023/തസ്വഭവ
4. 13.11.2024 തീയതിയിലെ ജിസിഡിഎ സെക്രട്ടറിയുടെ 9779/എസ്റ്റാ.1/2023/ജിസിഡിഎ നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ. ഗോപകുമാർ വി.എസ് (PEN- 511476) എന്നവരെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ)-യിൽ പരാമർശം (3) പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു. ശ്രീ. ഗോപകുമാർ വി.എസ് എന്നവരുടെ ജിസിഡിഎ-യിലെ അന്യത്ര സേവനകാലാവധി 2024 നവംബർ 19ന് അവസാനിക്കുന്ന സാഹചര്യത്തിൽ ടിയാന്റെ അന്യത്ര സേവനത്തിന് തുടർച്ചാനുമതി നൽകണമെന്ന് അതോറിറ്റി സെക്രട്ടറി പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ അന്യത്ര സേവനമനുഷ്ഠിക്കുന്ന ശ്രീ. ഗോപകുമാർ വി.എസ് എന്നവരുടെ അന്യത്ര സേവന കാലാവധി കേരള സർവീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും, അന്യത്ര സേവനം സംബന്ധിച്ച പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 2024 നവംബർ 20 മുതൽ ഒരു വർഷത്തേക്കു കൂടി (രണ്ടാം തവണ) ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ശ്രീ. ഗോപകുമാർ വി.എസ് (ജിസിഡിഎ സെക്രട്ടറി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര-പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഐ.എ3/159/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 21-01-2025 16:44:51

സെക്ഷൻ ഓഫീസർ